പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2929 | 17.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **1958 ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) യുവകുറ്റവാളികൾക്കും, യോഗ്യരായ മറ്റ് കുറ്റവാളികൾക്കും ജയിൽ ശിക്ഷ ലഭിക്കാതെ പരിവർത്തനം ചെയ്യപ്പെടുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതിനുള്ള 1958 ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര കുറ്റവാളികളെ പ്രൊബേഷൻ ആഫീസർമാരുടെ നിരീക്ഷണത്തിൻ കീഴിൽ നല്ല നടപ്പിന് വിട്ടിട്ടുണ്ടെന്ന വിവരം പേരുവിവരം സഹിതം ലഭ്യമാക്കുമോ; | (എ) 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാനത്ത് പ്രൊബേഷൻ ആഫീസർമാരുടെ നിരീക്ഷണത്തിൻ കീഴിൽ നല്ല നടപ്പിന് വിട്ടിട്ടുള്ള പ്രൊബേഷണർമാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) 1960-ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾ പ്രകാരം രൂപീകൃതമായിട്ടുള്ള സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി കഴിഞ്ഞ 5 വർഷവും ഈ സർക്കാരിന്റെ കാലത്തും എത്ര തവണ കൂടിയിട്ടുണ്ടെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ; | (ബി) 1960-ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾ പ്രകാരം രൂപീകൃതമായിട്ടുള്ള സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. ആയത് 2014-15 വർഷത്തിലാണ്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി കൂടിയിട്ടില്ല. |
| (സി) ജില്ലാതല അഡ്വൈസറി കമ്മിറ്റികളും സംസ്ഥാനതല അഡ്വൈസറി കമ്മിറ്റികളും കൃത്യമായി കൂടി പ്രൊബേഷൻ നിയമത്തിന്റെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി സമയബന്ധിതമായി ചേരുന്നതിനും ജില്ലാതല അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്